MONDAY

27/04/2026

തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : SINDHU. K S** **Editor : Dr. V. Krishnadas**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/04/2026

1. മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ പച്ചക്കറികളായ മുളക്, വെണ്ട. വഴുതന പാവയ്ക്ക. കുമ്പളം, പടവലം. പയർ. ചീര മത്തൻ എന്നിവയുടെ വിത്തുകളും ജൈവ നിയന്ത്രണോപാധികളായ സ്യൂഡോമോണാസ്, ട്രൈക്കോഡർമ, അയർ, പച്ചക്കറിയിലും നെല്ലിലും ഉപയോഗിക്കുന്ന സമ്പൂർണ്ണ. ട്രൈക്കോഡർമ സമ്പുഷ്ടികരിച്ച ചാണക വളം. ട്രൈക്കോഡർമ സമ്പുഷ്ടീകരിച്ച ആട്ടിൻകാഷ്ഠം. സമ്പുഷ്ടീകരിച്ച ചകിരിച്ചോറ് കമ്പോസ്റ്റ്, വെർമിക്കമ്പോസ്റ്റ്, പച്ചക്കറി തൈകൾ ആയ ക്യാബേജ് കോളിഫ്ലവർ ബ്രോക്കോളി, മുളക്, വഴുതന, തക്കാളി എന്നിവയും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0487-2370726 എന്ന നമ്പരിൽ ബന്ധപ്പെടുക.

2. മണർകാട് റീജിയണൽ പൗൾട്രി ഫാമിൽ ഒരു ദിവസം പ്രായമായ നല്ലയിനം ഗ്രാമശ്രീ കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക്. പൊതു ജനങ്ങൾക്കും. അംഗീകൃത എഗ്ഗർ നഴ്സറികൾക്കും മുൻകൂർ ബുക്കിംഗ് അടിസ്ഥാനത്തിൽ ലഭ്യത അനുസരിച്ച് എല്ലാ ചൊവ്വാഴ്ചകളിലും ഒരു ദിവസം പ്രായമായ ഗ്രാമശ്രീ കോഴിക്കുഞ്ഞുങ്ങൾ ഫാമിലെ കൗണ്ടറിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വില്ക്കപ്പെടുന്നതാണ്. ബുക്ക് ചെയ്യുന്നതിനായി 0481–2373710 എന്ന ഫോൺ നമ്പർ വഴിയോ, നേരിട്ടോ ബന്ധപ്പെടാവുന്നതാണ്. പിടക്കോഴിക്കുഞ്ഞുങ്ങൾ പൂവൻകുഞ്ഞുങ്ങൾ 25 രൂപ നിരക്കിലും 5 രൂപ നിരക്കിലും വിൽപ്പെടുന്നു.

3. മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ പച്ചക്കറികളായ മുളക്, വെണ്ട. വഴുതന പാവയ്ക്ക. കുമ്പളം, പടവലം. പയർ. ചീര മത്തൻ എന്നിവയുടെ വിത്തുകളും ജൈവ നിയന്ത്രണോപാധികളായ സ്യൂഡോമോണാസ്, ട്രൈക്കോഡർമ, അയർ, പച്ചക്കറിയിലും നെല്ലിലും ഉപയോഗിക്കുന്ന സമ്പൂർണ്ണ. ട്രൈക്കോഡർമ സമ്പുഷ്ടികരിച്ച ചാണക വളം. ട്രൈക്കോഡർമ സമ്പുഷ്ടീകരിച്ച ആട്ടിൻകാഷ്ടം. സമ്പുഷ്ടീകരിച്ച ചകിരിച്ചോറ് കമ്പോസ്റ്റ്, വെർമിക്കമ്പോസ്റ്റ്, പച്ചക്കറി തൈകൾ ആയ ക്യാബേജ് കോളിഫ്ലവർ ബ്രോക്കോളി, മുളക്, വഴുതന, തക്കാളി എന്നിവയും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0487–2370726 എന്ന നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. വെള്ളായണി കാർഷിക കോളേജിലെ കെ-അഗ്ടെക് ലോഞ്ച്പാഡിന്റെ ആഭിമുഖ്യത്തിൽ "ഡ്രോൺ ക്രാഫ്റ്റ്" എന്ന വിഷയത്തിൽ 3 ദിവസത്തെ പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഏപ്രിൽ 28, 29, 30 തീയതികളിൽ തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കെ-അഗ്ടെക് ലോഞ്ച്പാഡിൽ വച്ചാണ് പരിശീലനം നടക്കുക. ഫ്യൂസലേജ് ഇന്നൊവേഷന്സ് ആണ് പരിശീലന പങ്കാളികൾ. കാർഷിക രംഗത്ത് ഡ്രോണുകളുടെ പ്രയോഗം, ക്രോപ്പ് മോണിറ്ററിംഗ്, പ്രിസിഷൻ ഫാർമിംഗ്, ഡ്രോൺ അസംബ്ലി & കോൺഫിഗറേഷൻ തുടങ്ങിയ വിഷയങ്ങളിൽ ശാസ്ത്രീയ അറിവും പ്രായോഗിക പരിശീലനവും നൽകുന്നതാണ് പരിപാടിയുടെ പ്രധാന ലക്ഷ്യം. കൂടാതെ പങ്കെടുക്കുന്നവർക്ക് നേരിട്ടുള്ള ഡ്രോൺ ഫ്ലയിംഗ് അനുഭവവും വിദഗ്ധർ നയിക്കുന്ന ക്ലാസുകളും ലഭ്യമാകും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്ക് മാത്രമാണ് പ്രവേശനം. മുൻപരിചയം ആവശ്യമില്ല. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ₹3000 രജിസ്ട്രേഷൻ ഫീസ് അടച്ച് താഴെ നൽകിയിരിക്കുന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്:

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

https://forms.gle/DGV8ByeY1vvHnLih8 കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9995624888 ഈ മെയിൽ വിലാസം info@kagtechlaunchpad.com

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Soil Health Management" എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവര് www.celkau.in എന്ന വെബ്സൈറ്റിലെ 'ഇ-കൃഷി പാഠശാല' മുഖേന രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കോഴ്സ് ആരംഭിക്കുന്ന തിയ്യതി: 2026 മെയ് 15. 2026- ജൂൺ 15 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതല് വിവരങ്ങള് പ്രസ്തുത വെബ്സൈറ്റില് ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയില് ആയോ 04872438567, 8547837256 എന്നീ ഫോണ് നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ആറുമാസത്തെ തേനീച്ചവളർത്തൽ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. എസ്എസ്എൽസിയോ തത്തുല്യ അടിസ്ഥാന വിദ്യാഭ്യാസയോഗ്യതയോ ഉള്ള 18നും 30നും ഇടയിൽ പ്രായമുള്ളവർക്ക് ഓൺ ലൈനായി അപേക്ഷിക്കാം. ഫീസ് 30,000 രൂപ. ഇതിനുപുറമെ ഫീൽഡ് ട്രെയിനിങ്ങിന് ചെലവാകുന്ന അധികതുക അപേക്ഷകർ വഹിക്കണം. അപേക്ഷാഫീ സ് 50 രൂപ. ജൂലൈ 31നകം അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9747321760. വെബ് സൈറ്റ്: khadi.kerala.gov.in

## കാർഷിക നിർദേശം

അന്തരീക്ഷ ഊഷ്മാവ്കൂടിവരുന്നതിനാൽ പച്ചക്കറികളിൽ നീരൂറ്റി കുടിക്കുന്ന പ്രാണികൾ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിലൊരിക്കൽ 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം ലെക്കാനിസീലിയം ലക്കാനി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിളകളിലെ കീടനിയന്ത്രണത്തിന് കഴിവതും ജൈവകീടനാശിനികൾ ഉപയോഗിക്കുവാൻ ശ്രദ്ധിക്കുക. ജൈവകീടനാശിനികൾ തയ്യാറാക്കി അന്നുതന്നെ ഉപയോഗിക്കണം.

കുരുമുളക് തോട്ടങ്ങളിൽ ദ്രുതവാട്ടത്തിനെതിരെ മുൻകരുതലുകൾ എടുക്കേണ്ട സമയമാണിത്. ദ്രുതവാട്ടംവന്ന് ഉണങ്ങിയതും കേടുവന്നതുമായ വള്ളികൾ മുറിച്ച് മാറ്റിതീയിട്ട് നശിപ്പിക്കണം. ദ്രുതവാട്ടത്തിനെതിരെ ട്രൈക്കോഡെർമ്മ എന്ന കുമിളിന്റെ കൾച്ചർ ഉപയോഗിക്കുന്നത് ഫലപ്രദമായിരിക്കും. ഒരു കിലോഗ്രാംട്രൈക്കോഡെർമ്മ 10 കിലോഗ്രാം വേപ്പിൻപിണ്ണാക്ക്, 90കിലോഗ്രാം ഉണക്കിപ്പൊടിച്ച ചാണകം എന്നിവചേർത്ത് നല്ല തണലുള്ളതും വെള്ളം കയറാത്തതുമായ സ്ഥലത്ത്കൂട്ടിക്കലർത്തി ചാക്ക് കൊണ്ടോ, ന്യൂസ് പേപ്പർ കൊണ്ടോ പൊതിഞ്ഞ്രണ്ടാഴ്ച്ചയിടണം. ഇടയ്ക്ക്ഇളക്കികൊടുക്കുകയും, ചെറിയഈർപ്പം നിലനിർത്താൻ വെള്ളം തളിയ്ക്കുകയും വേണം. അതിന് ശേഷം ഈ മിശ്രിതം ചെടിയുടെ ചുവട്ടിൽ ചേർത്ത്കൊടുത്താൽ ദ്രുതവാട്ടം വരാതിരിക്കുന്നതിന് ഒരു

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിധി വരെ സഹായിക്കും. കീടനാശിനിയോടൊപ്പമോ രാസവളത്തോടൊപ്പമോ ഒരിക്കലും ഇത് മിശ്രണം ചെയ്യാൻ പാടില്ല.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം